(ഡി&ഇ) ബി.പി.എൽ. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ പലിശ സബ്സിഡിക്കായി സംസ്ഥാന സർക്കാർ 36,43,75,000 രൂപ 6481 വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുണ്ട്.

(എഫ്) 12-6-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറിക്ക് 10-4-2015 മുതൽ 6 മാസത്തേക്കുകൂടി മൊറട്ടോറിയം ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡി സ്കീമിന് അപേക്ഷിച്ചിട്ടുള്ള വാർഷിക കുടുംബവരുമാനം 4.5 ലക്ഷം രൂപയിൽ കൂടുതലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഏർപ്പെടുത്തിയിരുന്ന മൊറട്ടോറിയം 8-6-2015-ൽ അവസാനിപ്പിച്ചിരിക്കുകയാണ്. പ്രസ്തുത മൊറട്ടോറിയം ദീർഘിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ജി) സർക്കാരിന് ലഭിക്കുന്ന ഇത്തരം പരാതികൾ അനുഭാവപൂർണ്ണമായി പരിഗണിയ്ക്കാനായി എസ്.എൽ.ബി.സി. കൺവീനർക്കും അതാത് ബാങ്ക് മാനേജർമാർക്കും അയച്ചുകൊടുത്ത് നടപടികൾ സ്വീകരിക്കാറുണ്ട്. അർഹതയുടെ അടിസ്ഥാനത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ, വായ്പാ പുനഃക്രമീകരണം, പലിശ ഇളവ് ചെയ്യൽ എന്നീ നടപടികളും ബാങ്കുകൾ സ്വീകരിക്കാറുണ്ട്.

ജനസമ്പർക്ക പരിപാടി

16(5596) ശ്രീ. കെ. അച്ചുതൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വിവിധ ഘട്ടങ്ങളിലായി നടത്തിയ ഓരോ ജനസമ്പർക്കപരിപാടിക്കുമുള്ള സവിശേഷതകൾ എന്തൊക്കെയായിരുന്നു ; വ്യക്തമാക്കാമോ ;

(ബി) ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച പരാതികൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ നേരിട്ടാണ് പരാതി സ്വീകരിച്ചിരുന്നത്. പൊതുജനങ്ങൾ ദീർഘനേരം കാത്തിരുന്ന് പരാതി ബോധിപ്പിക്കുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് കുറയ്ക്കുന്നതിനായി രണ്ടും മൂന്നും ഘട്ട ജനസമ്പർക്ക

LIBRARY ARCHIVES Kerala Legislative Assembly

പരിപാടികളിൽ ഓൺലൈനിലാണ് പരാതികൾ സ്വീകരിച്ചിരുന്നത്. 'കരുതൽ 2015'-ൽ അപേക്ഷകൾ സ്വീകരിച്ചത് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയായിരുന്നതിനാൽ അപേക്ഷകർക്ക് ഡോക്കറ്റ് നമ്പർ ലഭിക്കുകയും ടി നമ്പർ ഉപയോഗിച്ച് അപേക്ഷകന്റെ തൊട്ടടുത്തുള്ള അക്ഷയകേന്ദ്രംവഴി അപേക്ഷയുടെ സ്ഥിതി അറിയുന്നതിന് സംവിധാനവും ഒരുക്കിയിരുന്നു. പൊതുജനങ്ങളുടെ വിവിധങ്ങളായ പരാതികൾക്ക് പരിഹാരം കാണുന്നതിനും അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ കടുത്ത ശാരീരിക അവശത അനുഭവിക്കുന്ന ആദിവാസികളടക്കമുള്ള രോഗികളായ അപേക്ഷകരെ അവരുടെ വീടുകളിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും പരമാവധി ധനസഹായം അനുവദിക്കുകയും ചെയ്യുന്നതിന് സംവിധാനമൊരുക്കിയതും മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയുടെ സവിശേഷതയായിരുന്നു. ഒന്നും രണ്ടും ഘട്ടങ്ങളിൽനിന്നും വ്യത്യസ്തമായി ധനസഹായമായി അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് മുഖേന നൽകിവരുന്നതും 'കരുതൽ 2015'-ന്റെ സവിശേഷതയാണ്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 170-ൽപരം ജനോപകാരപ്രദങ്ങളായ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പരാതികൾക്ക് പരിഹാരം കാണുന്നതിന് ഭരണപരമായ ചില നടപടിക്രമങ്ങളിൽ മാറ്റം വരുത്തേണ്ടതായോ അയവ് വരുത്തേണ്ടതായോ ഉണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 45 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജനസമ്പർക്ക പരിപാടികളിൽ സമർപ്പിക്കപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാതല ഓഫീസർമാർ മുഖേന നടപടികൾ സ്വീകരിക്കുകയും ജില്ലാതലത്തിൽ സ്ക്രീനിംഗ് കമ്മിറ്റി യോഗങ്ങളും അവലോകനയോഗങ്ങളും നടത്തി സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കി വരുന്നുണ്ട്. പരാതികൾ പരിഹരിക്കുന്നതിന് സർക്കാർതലത്തിൽ തീരുമാനം ആവശ്യമുള്ളവയിൽ ബന്ധപ്പെട്ട ജില്ലാതല ഓഫീസർമാർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുന്നുണ്ട്.

ജനസമ്പർക്ക പരിപാടി

17(5597) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-ൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണം എത്ര ; ഇവയിൽ എത്ര എണ്ണം പരിഹരിക്കപ്പെട്ടു ;

LIBRARY ARCHIVES Kerala Legislative Assembly